"ഭരണഭാഷ- മാതൃഭാഷ"

YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

<u>സംഗ്രഹം</u>

ഉന്നത വിദ്യാഭ്യാസ വകുപ്പ് - ഫിസിക്കൽ എഡ്യൂക്കേഷൻ അദ്ധ്യാപകർക്ക് പ്രൊഫസർ തസ്തികയിൽ പ്ലേസ്മെന്റ് അനുവദിച്ച് ഉത്തരവാകുന്നു.

ഉന്നതവിദ്യാഭ്യാസ (സി) വകുപ്പ്

സ.ഉ.(സാധാ) നം.540/2023/HEDN തീയതി,തിരുവനന്തപുരം, 12-04-2023

പരാമർശം:- 1. 29/06/2019 തീയതിയിലെ സ.ഉ (അച്ചടി) നം. 18/2019/ഉ.വി.വ

2. 20/02/2021 തീയതിയിലെ സ.ഉ (അച്ചടി) നം. 9/2021/ ഉ.വി.വ.

3. കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ 26/12/2022 തീയതിയിലെ ബി3/54126/2022/DCE നം. കത്ത്.

<u>ഉത്തരവ്</u>

2018 യു.ജി.സി റെഗുലേഷൻസ് സംസ്ഥാനത്ത് നടപ്പിലാക്കിക്കൊണ്ട് പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും പരാമർശം (2) ലെ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് കോളേജുകളിൽ 2018 യു.ജി.സി റെഗുലേഷൻ പ്രകാരം നിഷ്കർഷിച്ചിട്ടുള്ള CAS പ്രമോഷൻ നിബന്ധനകൾക്ക് വിധേയമായി അനുവദിക്കുകയും ചെയ്തിരുന്നു. പരാമർശം ഒന്നിൽ ഫിസിക്കൽ എഡ്യൂക്കേഷൻ അദ്ധ്യാപകരുടെ ഡെസിഗ്നേഷൻ കോളേജ് ഡയറക്ടർ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ & സ്പോർട്സ് ലെവൽ 14 വരെ പരാമർശിച്ചിട്ടുണ്ട്. കൂടാതെ, ടി അദ്ധ്യാപകരുടെ നിലവിലെ ഡെസിഗ്നേഷന് മാറ്റം ഉണ്ടായിരിക്കില്ല എന്നും പരാമർശിച്ചിട്ടുണ്ട്.

നിലവിൽ കോഴിക്കോട് ഫിസിക്കൽ എഡ്യൂക്കേഷൻ കോളേജിൽ മാത്രമാണ് ഫിസിക്കൽ എഡ്യൂക്കേഷൻ B.PEd, M.PEd കോഴ്സുകൾ ഉള്ളതെന്നും സർക്കാർ ആർട്സ് & സയൻസ് കോളേജുകളിൽ ഫിസിക്കൽ എഡ്യൂക്കേഷൻ ഓപ്പൺ കോഴ്സ് മാത്രമാണ് നടത്തുന്നതെന്നും, ഓപ്പൺ കോഴ്സ് നിലവിലില്ലാത്ത സ്ഥാപനങ്ങളും ഉണ്ടെന്നും കോളേജ് വിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്യുകയും അതിന്റെ അടിസ്ഥാനത്തിൽ ഓപ്പൺ കോഴ്സ് അദ്ധ്യാപനവൃത്തിയായി കണക്കാക്കി മുഴുവൻ ഫിസിക്കൽ എഡ്യൂക്കേഷൻ അദ്ധ്യാപകർക്കും പ്രൊഫസർ തസ്തികയിൽ പ്ലേസ്മെന്റ് അനുവദിക്കാമോ അതോ, കോഴിക്കോട് ഫിസിക്കൽ എഡ്യൂക്കേഷൻ കോളേജിലുള്ള 14 അദ്ധ്യാപക തസ്തികകളിൽ സേവനം അനുഷ്ഠിക്കാൻ താൽപര്യപ്പെടുന്ന അദ്ധ്യാപകർക്കായി അഡ്വൈസ് സീനിയോറിറ്റി ക്രമത്തിൽ പ്രൊഫസർ പ്ലേസ്മെന്റിന് അപേക്ഷിക്കാനും മറ്റ് സർക്കാർ ആർട്സ് & സയൻസ് കോളേജുകളിലെ ഫിസിക്കൽ എഡ്യൂക്കേഷൻ അദ്ധ്യാപകർക്കായി കോളേജ് ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ ആൻഡ് സ്പോർട്സ് ലെവൽ 14 പ്ലേസ്മെന്റിന് അപേക്ഷിക്കുവാനും നിർദ്ദേശം നൽകാവുന്നതാണോയെന്ന് പരാമർശം (2) ലെ കത്ത് പ്രകാരം കോളേജ് വിദ്യാഭ്യാസ ഡയറക്ടർ സ്പഷ്ടീകരണം ആവശ്യപ്പെട്ടിരുന്നു.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. യു.ജി പ്രോഗ്രാമുകൾക്ക് Choice based Credit and Semester System നിലവിൽ വന്നതോടുകൂടി ഫിസിക്കൽ എജ്യൂക്കേഷൻ അദ്ധ്യാപകരും തിയറി ക്ലാസ്സുകൾ കൈകാര്യം ചെയ്യുകയും യൂണിവേഴ്സിറ്റി പരീക്ഷകൾ നടത്തിപ്പിൽ പ്രവർത്തിക്കുകയും ചെയ്യുന്ന സാഹചര്യത്തിലും മറ്റ് വിഷയങ്ങളിലെ അദ്ധ്യാപകരുടേതിന് തുല്യമായ യോഗ്യത ടി അദ്ധ്യാപകർക്കും ഉള്ളതിനാലും കോഴിക്കോട് ഫിസിക്കൽ എജ്യൂക്കേഷൻ കോളേജ് ഉൾപ്പെടെ എല്ലാ കോളേജുകളിലേയും ഫിസിക്കൽ എജ്യൂക്കേഷൻ അദ്ധ്യാപകർക്ക് പ്രൊഫസർ തസ്തികയിൽ (CAS) പ്ലേസ്മെന്റ് അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സിന്ധു പി.കെ
അഡിഷണൽ സെക്രട്ടറി

<u>പകർപ്പ്</u> :

1. കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
2. എല്ലാ യൂണിവേഴ്സിറ്റി രജിസ്ട്രാർമാർ (കേരള, എം.ജി, കുസാറ്റ്, കണ്ണൂർ, കാലിക്കറ്റ് തുടങ്ങിയവ)
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ &ഇ), കേരളം, തിരുവനന്തപുരം
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരളം, തിരുവനന്തപുരം
5. ധനകാര്യ വകുപ്പ്
6. www.highereducation.kerala.gov.in
7. കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
JOSE A
Date: 17-04-2023 10:41:40 സെക്ഷൻ ഓഫീസർ